# THE PLANTATION CORPORATION OF KERALA LTD

Registered Office: Kottayam-4

PCK/SAL-F-200/5579 10/03/2026

## ടെണ്ടർ നോട്ടീസ്

PCK യുടെ പേരാമ്പ്ര (74696 മരങ്ങൾ), കല്ലാല (82879 മരങ്ങൾ), ചന്ദനപ്പിള്ളി (1,95,888 മരങ്ങൾ) എന്നീ എസ്റ്റേറ്റുകളിലുള്ള വിവിധ ഡിവിഷനുകളിലെ ടാപ്പിംഗ് ഏരിയയിൽ നിന്നും മൺപാൽ (Earth Scrap) ശേഖരിച്ചുകൊണ്ടുപോകുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിലുള്ള ഇ-ദർഘാസ്സുകളും മുദ്രവെച്ച ദർഘാസുകളും ക്ഷണിക്കുന്നു.

ടെണ്ടറുകാർക്ക് അവരുടെ ടെണ്ടറുകൾ കേരള ഗവണ്മെന്റ് ഇ-ടെണ്ടർ പോർട്ടൽ മുഖേനയും(https://www.etenders.kerala.gov.in)നേരിട്ട് മുദ്രവെച്ച ദർഘാസ് മുഖേനയും സമർപ്പിക്കാവുന്നതാണ്. ഇ-ടെൻഡറിൽ പങ്കെടുക്കുന്നവർക്ക് ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്

### ദർഘാസ് വ്യവസ്ഥകൾ:-

1. റബ്ബർ ബോർഡ് രജിസ്റ്റേർഡ് വ്യാപാരികൾക്കും റബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും മാത്രമെ ഇ- ദർഘാസ് / മുദ്രവെച്ച ദർഘാസിൽ പങ്കെടുക്കുവാൻ യോഗ്യതയുള്ളു. ഇ-ദർഘാസ് / മുദ്രവെച്ച ദർഘാസിൽ പങ്കെടുക്കുവാൻ നിരത ദ്രവ്യമായി 10,000/ രൂപാ കോർപറേഷനിൽ കെട്ടിവെക്കേണ്ടതാണ്. ഇ-ദർഘാസും മുദ്രവെച്ച ദർഘാസും സമർപ്പിക്കുന്നവർ നിരത ദ്രവ്യം പ്രത്യേകം പ്രത്യേകം അടക്കേണ്ടതാണ് ഒറിജിനൽ രേഖകളും അവയുടെ കോപ്പികളും ടെണ്ടർ വേരിഫിക്കേഷന് സമർപ്പിക്കേണ്ടതാണ്
2. ടെണ്ടറിൽ പങ്കെടുക്കുന്നവർ മേൽ പറഞ്ഞിട്ടുള്ള എസ്റ്റേറ്റുകളിൽ പോയി മൺപാലിന്റെ ലഭ്യതയും, ഗുണനിലവാരവും മറ്റും നേരിട്ടു കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ടെൻണ്ടർ സമർപ്പിച്ചതിനുശേഷം ഇതിനെ സംബന്ധിച്ച് ഉന്നയിക്കുന്ന യാതൊരു അവകാശ വാദങ്ങളും പരിഗണിക്കുന്നതല്ല.
3. ഓരേ എസ്റ്റേറ്റിലെയും ടാപ്പ് ചെയ്യുന്ന മുഴുവൻ റബ്ബർ മരങ്ങളുടെ ചുവട്ടിൽനിന്ന് ശേഖരിക്കാവുന്ന മൊത്തം മൺപാലിന് കോർപറേഷന് നൽകാവുന്ന ഏറ്റവും കൂടിയ തുക (നികുതികൾ ഒഴികെ) ആണ് ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കേണ്ടത്.
4. മുദ്രവെച്ച ദർഘാസ് സമർപ്പിക്കുന്നവർക്ക് 118/- രൂപ അടച്ച് കോർപറേഷന്റെ മാർക്കറ്റിങ് ഡിപ്പാർട്മെന്റിൽ നിന്നും ടെണ്ടർ ഫോമുകൾ വാങ്ങാവുന്നതാണ്. ഇ-ദർഘാസിൽ പങ്കെടുക്കുന്നവർ ടെണ്ടർ കണ്ടീഷൻ ഇ-ടെണ്ടർ പോർട്ടലിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് എല്ലാപേജിലും ഒപ്പ് രേഖപ്പെടുത്തി അപ്പ്ലോഡ് ചെയ്യേണ്ടതാണ്.
5. റബ്ബർ മരങ്ങളുടെ ചുവട്ടിലും, തറയിലും കിടക്കുന്ന ഉണങ്ങിയ മൺപാൽ മാത്രമേ ശേഖരിക്കുവാൻ പാടുള്ളു. യാതൊരു കാരണവശാലും ചിരട്ടപ്പാലും വള്ളിപ്പാലും ശേഖരിക്കുവാൻ പാടുള്ളതല്ല.
6. റബ്ബർ മരങ്ങളുടെ ചുവട്ടിലെ മൺപാൽ ശേഖരിക്കുമ്പോൾ മരങ്ങളുടെ പട്ടക്കും വേരിനും കേടുപാടുകൾ സംഭവിക്കാൻ പാടില്ലാത്തതാണ്.
7. ദിവസവും ശേഖരിക്കുന്ന മൺപാൽ അന്നുതന്നെ ഡിവിഷൻ അധികാരിയുടെ സംരക്ഷണയിൽ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.
8. മൺപാലിന്റെ ശേഖരണം സ്ഥിരീകരണ അറിയിപ്പ് കിട്ടി മുന്ന് മാസത്തിനുള്ളിൽ തീർക്കേണ്ടതാണ്.
9. മൺപാലിന്റെ ശേഖരണം പ്രവർത്തി ദിനങ്ങളിൽ കോർപറേഷന്റെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 വരെ നടത്തേണ്ടതാണ്.
10. ശേഖരിച്ച മൺപാൽ, ഡിവിഷൻ അധികാരിയുടെ സാന്നിദ്ധ്യത്തിൽ തൂക്കമെടുത്തിന് ശേഷം മാത്രം എസ്റ്റേറ്റിന് പുറത്ത് കൊണ്ടുപോകാവുന്നതാണ്.
11. ടെണ്ടർ ഉറപ്പിച്ച് അറിയിപ്പ് ലഭിക്കുന്നയാൾ, അറിയിപ്പ് തീയതിമുതൽ 7 ദിവസങ്ങൾക്കകം 25000/- രൂപ സെക്യൂരിറ്റി തുക അടച്ച് 200/- രൂപ വിലയുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ അതാത് എസ്റ്റേറ്റ് മാനേജർമാരുമായി കരാർ ഒപ്പുവെക്കേണ്ടതാണ്. കരാർ പ്രവൃത്തിക്ക് ശേഷം ഡിവിഷൻ

അധികാരിയിൽ നിന്നുള്ള ബാധ്യതാരഹിത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി തുക പലിശ രഹിതമായി തിരികെ നൽകുന്നതാണ്.

12. ടെൻഡർ സ്ഥിരീകരണ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ മുഴുവൻ തുകയും (നികുതിയുൾപ്പടെ) അടക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. GST നിയമമനുസരിച്ചു എല്ലാ നികുതികളും അടക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. മുഴുവൻ കരാർ തുകയും ബാധകമായ നികുതികളും അടച്ചതിന് ശേഷം നൽകുന്ന വർക്ക് ഓർഡർ കൈപറ്റിയതിന് ശേഷം മാത്രമേ ഏരിയായിൽ പ്രേവേശിക്കുന്നതിനും മൺപാൽ ശേഖരിക്കുന്നതിനും കരാറുകാരനെ അനുവദിക്കുകയുള്ളൂ.
13. ടെണ്ടർ കണ്ടീഷൻ 12 പ്രകാരം മുഴുവൻ തുകയും നിർദിഷ്ട ദിവസത്തിനുള്ളിൽ നല്കിയിട്ടില്ലായെങ്കിൽ ടെണ്ടറു കാരൻ 25% പലിശ സഹിതം 3 ദിവസം വരെ അനുവദിക്കുന്നതാണ്. അതിനു ശേഷവും തുക അടക്കാത്തവരുടെ കൺഫർമേഷൻ ഓർഡർ ഒരറിയിപ്പും കൂടാതെ ക്യാൻസലായിരിക്കും. പ്രസ്തുത വ്യക്തി/സ്ഥാപനം അടച്ചിരിക്കുന്ന നിരതദ്രവ്യം ഉൾപ്പെടെയുള്ള മുഴുവൻ തുകയും കോർപറേഷനിലേക്കു കണ്ടു കെട്ടുകയും പ്രസ്തുത സ്ഥാപനത്തിന്റെ/വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ ഇ ദർഘാസ് /മുദ്രവെച്ച ദർഘാസുകൾ നടത്തുകയും അതുമൂലം കോർപറേഷന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയതും പ്രസ്തുത വ്യക്തി / സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതും പ്രസ്തുത വ്യക്തിയെ/സ്ഥാപനത്തെ കോർപറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും അതുമൂലം തുടർന്നുള്ള ഒരു ടെൻഡറിലും പങ്കെടുക്കാൻ സാധിക്കാത്തതുമാകുന്നു.
14. ഒരു ഡിവിഷനിൽ നിന്നും മൺപാൽ ശേഖരണം പൂർത്തിയാക്കിയതിനുശേഷം മാത്രം അടുത്ത ഡിവിഷനിൽ ശേഖരണത്തിന് പ്രവേശിക്കാനുള്ള അനുമതി നൽകുന്നതാണ്.
15. മൺപാൽ ശേഖരണത്തിന്റെ ഭാഗമായി കോർപറേഷന്റെ ടാപ്പിംഗ് ഉൾപ്പടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾക്ക് യാതൊരു തടസവും കരാറുകാരന്റെയോ ടിയാന്റെ തൊഴിലാളികളുടെയോ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലാത്തതുമാണ് .
16. ജോലി സംബന്ധമായി ഫോറെസ്റ് ഡിപ്പാർട്മെന്റോ, മറ്റ് സർക്കാർ / സർക്കാർ ഇതര സ്ഥാപനങ്ങളോ ആയി ഉണ്ടാകുന്ന കേസുകൾക്കോ മറ്റ് ബാദ്ധ്യതകൾക്കോ കോർപറേഷന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
17. സർക്കാരിൻെറയോ കോടതി നിയമ സംവിധാനങ്ങളുടെയോ ഉത്തരവുകളുടെയോ നിർദേശത്തിന്റെയോ അടിസ്ഥാനത്തിൽ കരാറുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ എർപ്പെടുത്തുന്നതുമൂലം കരാറുകാരന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായാൽ ആയതിനു കോർപറേഷൻ ഉത്തരവാദിയായിരിക്കുകയില്ല.
18. ടെണ്ടർ പ്രകാരം കരാറുകാരന് ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും പി സി കെ യുടെ മുൻകൂർ അനുമതി കൂടാതെ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
19. പ്രകൃതിക്ഷോഭം, തീപിടുത്തം, വരൾച്ച, കീടബാധ, സാംക്രമിക രോഗങ്ങൾ, വന്യമൃഗാക്രമണം, കരാറുകാരൻറെയോ / കോർപറേഷൻറെയോ തൊഴിലാളികളുടെ സമരം മുതലായവ മൂലം കരാറുകാരനോ ടിയാൻറെ തൊഴിലാളികൾക്കോ ഉണ്ടാവുന്ന യാതൊരുവിധ കഷ്ട നഷ്ടങ്ങൾക്കും കോർപറേഷൻ ഉത്തരവാദിയായിരിക്കുന്നതോ നഷ്ടപരിഹാരം നല്കുന്നതോ അല്ല.
20. ഇ-ദർഘാസ് മുഖേനയോ മുദ്രവെച്ച ദർഘാസ് മുഖേനയോ സമർപ്പിച്ചതായ ടെണ്ടറുകൾ സ്വമേധയാ പിൻവലിക്കുവാൻ അവകാശം ഉണ്ടായിരിക്കുകയില്ല.
21. ഇ- ദർഘാസ് മുഖേനയോ മുദ്രവെച്ച ദർഘാസ് മുഖേനയോ സമർപ്പിച്ചതായ ഏതൊരു വാഗ്ദാനവും, യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.
22. ടെണ്ടർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന തീയ്യതിയിൽ ദിവസം ഹർത്താൽ, പൊതു അവധി, മറ്റ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നടത്തുന്നതായിരിക്കും.

23. കരാർ കാലയളവിൽ കരാറുകാരനോ ടിയാന്റെ തൊഴിലാളികളോ, എസ്റ്റേറ്റിനുള്ളിൽ കാട്ടുമൃഗങ്ങളെ വേട്ടയാടുകയോ ആയതിന് സഹായിക്കുകയോ, നിയമം മൂലം നിരോധിക്കപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളിൽ എർപ്പെടുകയോ ആയതിന് സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം കരാറുകാരൻ കോർപറേഷനിലിൽ നിന്നും ഏറ്റെടുതിട്ടുള്ളതായ എല്ലാവിധ കരാർ ഇടപാടുകളും റദ്ദ ചെയ്യുന്നതും കോർപറേഷനിലേക്ക് അടച്ചിട്ടുള്ള എല്ലാ തുകയും കോർപറേഷൻ കണ്ടുകെട്ടി മുതൽക്കൂട്ടുന്നതായിരിക്കും. കൂടാതെ ആവശ്യമെന്നുകണ്ടാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി എസ്റ്റേറ്റുകൾ പുനർലേലം നടത്തുന്നതിന് കോർപറേഷന് തീരുമാനമെടുക്കാവുന്നതും ആയതിലേക്കുണ്ടാകാവുന്ന സകലവിധ ചെലവുകളും നഷ്ടങ്ങളും കരാറുകാരനിൽ നിന്നോ, റിയാൻറെ മുതലുകളിൽ നിന്നോ ഈടാക്കിയെടുക്കമാകുന്നതിനും കോർപറേഷന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ് .

24. ഇ- ദർഘാസ് /മുദ്രവെച്ച ദർഘാസ് ബന്ധപ്പെട്ട് എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് കോട്ടയം അധികാര പരിധിയായ കോടതികളിൽ മാത്രമായിരിക്കുന്നതാണ്.

25. ഇ-ദർഘാസ് മുഖേനയും മുദ്രവെച്ച ദർഘാസ് മുഖേനയും ടെണ്ടറുകൾ സമർപ്പിച്ചാൽ അതിൽ ഏറ്റവും ഉയർന്ന തുകയായിരിക്കും പരിഗണിക്കുക.

26. മുദ്രവെച്ച ദർഘാസും ഇ-ടെൻഡർ ഒറിജിനൽ രേഖകളും പി സി കെ ഹെഡ് ഓഫീസ്, കോട്ടയത്ത് സമർപ്പിക്കേണ്ടതാണ് ദർഘാസ് സമർപ്പിക്കുന്നതിനും തുറക്കുന്നതിനുമുള്ള തീയ്യതിയും സമയവും ചുവടെ ചേർക്കുന്നു.

| യൂണിറ്റ് | മുദ്രവെച്ച ദർഘാസ്/ ഇ - ദർഘാസ്/ സമർപ്പിക്കുവാനുള്ള തീയതിയും സമയവും | ഇ -ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട തീയതിയും സമയവും | ഇ-ഓക്ഷൻ തുടങ്ങുന്ന സമയം | മുദ്രവെച്ച ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും |
|---|---|---|---|---|
| പേരാമ്പ്ര എസ്റ്റേറ്റ് | 07.04.2026, 12.00 P M | 08.04.2026, 10.30 AM | 08.04.2026 12.00 PM to 12.45 PM | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 08/04/2026, 03.00 PM (ഓക്ഷന് ശേഷം) |
| കല്ലാല എസ്റ്റേറ്റ് | 07.04.2026, 12.00 P M | 08.04.2026, 10.30 AM | 08.04.2026 12.45 PM to 01.30 PM | |
| ചന്ദനപ്പിള്ളി എസ്റ്റേറ്റ് | 07.04.2026, 12.00 P M | 08.04.2026, 10.30 AM | 08.04.2026 01.30 PM to 02.15 PM | |

27. മുദ്ര വെച്ച ദർഘാസ്സ് അടങ്ങിയ കവർ ഏത് എസ്റ്റേറ്റിന്റെ ടെണ്ടർ ആണെന്ന് കവറിൻറെ മുകളിൽ രേഖപ്പെടുത്തി ജനറൽ മാനേജർ (സി) പ്ലാൻറെഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് , കോട്ടയം 4 എന്ന മേൽ വിലാസത്തിൽ മാർക്കറ്റിംഗ് ഡിപ്പാർട്മെന്റിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

28. ഇ ദർഘാസിൻറെ കാര്യത്തിൽ ഒപ്പുവെച്ച ടെൻഡർ കണ്ടിഷൻ, റബ്ബർ ബോർഡ് ലൈസൻസിന്റെ കോപ്പി മുതലായവയും ഡിമാൻഡ് ഡ്രാഫ്റ്റും അടങ്ങിയ സീൽഡ് കവർ ഏത് എസ്റ്റേറ്റിന്റെ ടെണ്ടർ ആണെന്ന് കവറിൻറെ മുകളിൽ പ്രത്യേകം രേഖപ്പെടുത്തി ജനറൽ മാനേജർ (സി) പ്ലാൻറെഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് , കോട്ടയം 4 എന്ന മേൽ വിലാസത്തിൽ മാർക്കറ്റിംഗ് ഡിപ്പാർട്മെന്റിൽ . നിശ്ചിത സമയത്തിന് മുൻപ് ലഭിച്ചിരിക്കേണ്ടതാണ്.

29. നിശ്ചിത തീയതിയിലും സമയത്തും ലഭിക്കുന്നതായ സീൽഡ് ടെണ്ടറുകൾ അന്നേദിവസം തുറക്കുന്നതല്ലാത്തതും അവ മുദ്ര വെച്ച കവറിൽ സൂക്ഷിക്കുന്നതുമാണ്. അടുത്ത ദിവസം 03.00 P M ന് (ഇ-ഓക്ഷന് ശേഷം) സീൽഡ് ടെണ്ടറുകൾ അപ്പോൾ സന്നിഹിതരായ ടെണ്ടറുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഇ-ടെണ്ടർ-കം-ഓക്ഷൻ, സീൽഡ് ടെണ്ടർ എന്നിവയിൽ ലഭിച്ചിട്ടുള്ളതായ ഏറ്റവും കൂടിയ നിരക്ക് ടെണ്ടർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവർത്തിസമയത്തിനു

ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ 10.30-ന് ദർഘാസുകൾ തുറക്കുന്നതായിരിക്കും.

30. ഇ-ദർഘാസ്/മുദ്രവെച്ച ദർഘാസ് സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വിൽപന വില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലായെന്ന് കാണുന്ന പക്ഷം, ടെൻഡർ തീയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത് .
31. ഏതൊരു ടെണ്ടറും കാരണം കാണിക്കാതെ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും കോർപറേഷന് അധികാരം ഉണ്ടായിരിക്കുന്നതാണ് .
32. കൂടുതൽ വിവരങ്ങൾ പ്രവ്യത്തി ദിനങ്ങളിൽ മാർക്കറ്റിങ് ഡിപ്പാർട്മെന്റിൽനിന്നും അറിയാവുന്നതാണ് കൂടാതെ Visit: www.pcklimited.in/www.e-tenders.kerala.gov.in
Mob No: 9496076003, 8086238174, 9496076036, 9496076022

**S/d**

**ജനറൽ മാനേജർ (സി)**

(ഓരോ  യൂണിറ്റിനും വെവ്വേറെ മുദ്രവെച്ച കവറുകളിൽ ൽകേണ്ടതാണ്)

# THE PLANTATION CORPORATION OF KERALA LIMITED

**Name of Work: Sale of Earth Rubber Scrap – Perambra Estate**

**Contract No: EARTHSCRAPPBR07042026**

| **Name of the Bidder/ Bidding Firm / Company :** | | | | |
|---|---|---|---|---|
| **Sl. No.** | **Item Description** | **Tapping rubber trees (Nos)** | **Offer (Figure) (Without tax) (Rs.)** | **Offer (Words) )(Without tax) (Rs.)** |
| 1.01 | Earth Rubber Scrap at Perambra, Kozhikkod Dist. | 74696 | | |

Agreed the above Conditions and signed by the tenderer

Name of the tenderer

Signature of the tenderer

Date

Address of the tenderer

Contact No.

Rubber Board License No.

Pan No.

(ഓരോ  യൂണിറ്റിനും വെവ്വേറെ മുദ്രവെച്ച കവറുകളിൽ ൽകേണ്ടതാണ്)

# THE PLANTATION CORPORATION OF KERALA LIMITED

**Name of Work: Sale of Earth Rubber Scrap – Kallala Estate**

**Contract No: EARTHSCRAPKLA07042026**

| **Name of the Bidder/ Bidding Firm / Company :** | | | | |
|---|---|---|---|---|
| **Sl. No.** | **Item Description** | **Tapping rubber trees (Nos)** | **Offer (Figure) (Without tax) (Rs.)** | **Offer (Words) )(Without tax) (Rs.)** |
| 1.01 | Earth Rubber Scrap at Kallala, Ernakulam Dist. | 82879 | | |

Agreed the above Conditions and signed by the tenderer

Name of the tenderer

Signature of the tenderer

Date

Address of the tenderer

Contact No.

Rubber Board License No.

Pan No.

(ഓരോ  യൂണിറ്റിനും വെവ്വേറെ മുദ്രവെച്ച കവറുകളിൽ ൽകേണ്ടതാണ്)

# THE PLANTATION CORPORATION OF KERALA LIMITED

**Name of Work: Sale of Earth Rubber Scrap – Chandanappilly Estate**

**Contract No: EARTHSCRAPCHY07042026**

| **Name of the Bidder/ Bidding Firm / Company :** | | | | |
|---|---|---|---|---|
| **Sl. No.** | **Item Description** | **Tapping rubber trees (Nos)** | **Offer (Figure) (Without tax) (Rs.)** | **Offer (Words) )(Without tax) (Rs.)** |
| 1.01 | Earth Rubber Scrap at Chandanappilly, Pathanamthitta | 1,95,888 | | |

Agreed the above Conditions and signed by the tenderer

Name of the tenderer

Signature of the tenderer

Date

Address of the tenderer

Contact No.

Rubber Board License No.

Pan No.